# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 695 — 11.03.2015 -ൽ മറുപടിക്ക്

## ആന്റി റാബിസ് വാക്സിന്റെ ക്ഷാമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ ആന്റി റാബിസ് വാക്സിൻ ലഭ്യമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ആന്റി റാബിസ് വാക്സിൻ ലഭ്യമാണ്. ഗുരുതരമായി കടിയേൽക്കുന്നവർക്ക് ആവശ്യമായ ആന്റി റാബീസ് സീറത്തിന്റെ ദൗർലഭ്യം നേരിടുന്നുണ്ട്. |
| (ബി) ഇപ്രകാരം സംഭവിക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) ജില്ലകളിൽ നിന്നും ലഭിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആരോഗ്യ വകുപ്പിലെ ആശുപത്രികളിലേക്ക് മരുന്നു വിതരണം ചെയ്യുന്നത്. തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലേക്ക് വാർഷിക ഇൻഡന്റിനേക്കാൾ ആന്റി റാബീസ് സിറം കൊടുക്കേണ്ടി വന്നതിനാലാണ് ഈ മരുന്നിന്റെ ദൗർലഭ്യം നേരിട്ടത്. |
| (സി) വീഴ്ച വരുത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ; | (സി) മറ്റ് മരുന്നുകളെ അപേക്ഷിച്ച് ഈ മരുന്നിന്റെ ആവശ്യം മുൻകൂട്ടി കാണുവാൻ സാധിക്കുകയില്ല. |
| (ഡി) സമയബന്ധിതമായി വാക്സിൻ എല്ലാ സർക്കാർ ആശുപത്രികളിലും എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ